മറ്റ് പല സംസ്ഥാനങ്ങളിലെയും പോലെ എസ്. എസ്. സി. എന്ന് പരീക്ഷയുടെ പേര് വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. പുതിയ ചോദ്യമാതൃക ക്കനുസൃതമായി മൊത്തം മാർക്ക് 1200 ആക്കിയത് എസ്. എസ്. സി. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിലും മട്ടിലും വലിപ്പത്തിലും ഉള്ളടക്ക ത്തിലും വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനപ്രദമായിരിക്കും പുതിയ എസ്. എസ്. സി. പുസ്തകം.

വിദ്യാഭ്യാസത്തിന് പ്രതിവർഷം ചെലവാകുന്ന തുക

938. [1378] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളത്തിൽ ഒരു കൊല്ലം വിദ്യാഭ്യാസത്തിനുവേണ്ടി എന്ത് തുക യാണ് ഖജനാവിൽനിന്നും ചെലവ് ചെയ്യുന്നത് ;

(ബി) ഇതിൽ സ്വകാര്യമേഖലയിലെ, കോളേജുകൾ, സ്കൂളുകൾ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഈ വർഷം നീക്കിവച്ച തുക എത്ര യെന്ന് വ്യക്തമാക്കാമോ ;

(സി) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി കഴിഞ്ഞവർഷം നീക്കിവച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതു വിദ്യാഭ്യാസത്തിനുവേണ്ടി 1985-86-ൽ 332.15 കോടി രൂപ ചെലവായിട്ടുണ്ട്. 1986-87-ൽ 374.74 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി 1984-85-ൽ 38.67 കോടി രൂപയും 1985-86-ൽ 43.04 കോടി രൂപയും ചെലവായിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസത്തിനായി 13.61 കോടി രൂപ 1985-86-ൽ ചെലവായിട്ടുണ്ട്.

(ബി) പ്രൈവറ്റ് സ്കൂളുകൾക്കുവേണ്ടി 1986-87-ൽ 203.57 കോടി രൂപയും പ്രൈവറ്റ് കോളേജുകൾക്കായി 43.67 കോടി രൂപയും നീക്കിവച്ചി ട്ടുണ്ട്. സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ ഇവകൾക്കായി 1986-87-ൽ 2.47 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(സി) പ്രൈവറ്റ് സ്കൂളുകൾക്കുവേണ്ടി 177.80 കോടി രൂപയും പ്രൈവറ്റ് കോളേജുകൾക്കുവേണ്ടി 33.16 കോടി രൂപയും നീക്കിവച്ചിരുന്നു. പ്രൈവറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടി 1985-86-ൽ 2.09 കോടി രൂപ നീക്കിവച്ചിരുന്നു.

കണ്ണൂർ ജില്ലയിലെ എഞ്ചിനീയറിംഗ് കോളേജിൽ നിയമനം

939. [1379] ശ്രീ. ഇ. ഭരതൻ :
,, കെ. പുരുഷോത്തമൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
ശ്രീമതി പി. ദേവൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ഈ വർഷം ആരംഭിക്കുമെന്ന് പ്രഖ്യാപിക്ക പ്പെട്ട എഞ്ചിനീയറിംഗ് കോളേജിൽ ഇതേവരെ ആവശ്യമായ ഉദ്യോഗ നിയമന ങ്ങളൊന്നും നടന്നിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly